LIBRARY ARCHIVES Kerala Legislative Assembly

കുന്നംകുളത്തു നിന്നും തിരുവനന്തപുരത്തേയ്ക്ക്
കെ. എസ്. ആർ. ടി. സി. ബസ് ആരംഭിക്കാൻ നടപടി

246 (4035) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളത്തുനിന്നും രാത്രി പുറപ്പെട്ട് രാവിലെ തിരുവനന്തപുരത്ത് എത്തിച്ചേരുന്ന വിധത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണം എന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് കഴിവതും വേഗത്തിൽ ഈ ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) നടപടി സ്വീകരിക്കുമെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010 ജൂൺ 13-ാം തീയതി മുതൽ രാത്രി 9.30-ന് ഗുരുവായൂരിൽ നിന്നും തിരിച്ച് കുന്നംകുളം വഴി തിരുവനന്തപുരത്തേയ്ക്ക് ഒരു സൂപ്പർ എക്സ്പ്രസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഈ സർവ്വീസ് രാത്രി 9.45-ന് കുന്നംകുളം വഴി കടന്നുപോകുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കുന്നംകുളത്തുനിന്നും രാത്രി 11 മണിക്ക് തിരുവനന്തപുരത്തേയ്ക്ക് സർവ്വീസ് ആവശ്യപ്പെട്ട് ലഭിച്ച നിവേദനം സാദ്ധ്യതാ പഠനത്തിനായി തൃശ്ശൂർ യൂണിറ്റ് ആഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി&സി) സാദ്ധ്യതാ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം സർവ്വീസ് ലാഭകരമായി നടത്താൻ കഴിയുമെങ്കിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ.

കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്ര പരിസരത്തു നിന്നും
കെ. എസ്. ആർ. ടി. സി. ബസ് ആരംഭിക്കാൻ നടപടി

247 (4036) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്ര പരിസരത്തു നിന്നും കുന്നംകുളം മുണ്ടൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് വഴി തൃശ്ശൂരിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണം എന്ന അപേക്ഷയിൽ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഈ ബസ് സർവ്വീസ് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്നാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാദ്ധ്യതാ പഠനത്തിനായി തൃശ്ശൂർ യൂണിറ്റ് ആഫീസർക്ക് അപേക്ഷ അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) സാദ്ധ്യതാ പഠന റിപ്പോർട്ട് കിട്ടിയതിനുശേഷം ലാഭകരമായി ഓടിക്കുവാൻ കഴിയുമെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുകയുള്ളൂ.

നെടുമങ്ങാട് ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്ന ദീർഘദൂര ബസ്സുകൾ

248 (4037) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഷെഡ്യൂളുകളിൽ സംസ്ഥാനത്തിന് പുറത്തേക്കും, ജില്ലക്ക് പുറത്തേക്കും സർവ്വീസ് നടത്തുന്ന ഷെഡ്യൂളുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് ഡിപ്പോയിൽ നിന്നും എത്ര ദീർഘദൂര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് ഡിപ്പോയിൽ നിന്നും, ഓപ്പറേറ്റ് ചെയ്തിരുന്ന എത്ര ദീർഘദൂര സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ടെന്നും ഏതൊക്കെയാണെന്നും അറിയിക്കുമോ ; റദ്ദാക്കാനുള്ള കാരണം അറിയിക്കുമോ ?

ഉത്തരം

(എ) 62 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്തിന് പുറത്തേയ്ക്ക് നെടുമങ്ങാട് നിന്നും അന്തർ സംസ്ഥാന സർവ്വീസുകളൊന്നുംതന്നെ ഇപ്പോൾ നടത്തുന്നില്ല. ജില്ലയ്ക്ക് പുറത്തേയ്ക്ക് 9 ഷെഡ്യൂളുകൾ നടത്തുന്നുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു :

നെടുമങ്ങാട്	-	തൃശ്ശൂർ	-	1
നെടുമങ്ങാട്	-	പാലക്കാട്	-	1
നെടുമങ്ങാട്	-	എറണാകുളം	-	2
നെടുമങ്ങാട്	-	കൊല്ലം	-	2
നെടുമങ്ങാട്	-	കൊട്ടാരക്കര	-	2
നെടുമങ്ങാട്	-	ചക്കുളത്തുകാവ്	-	1
			ആകെ	9

LIBRARY ARCHIVES Kerala Legislative Assembly